FRIDAY 23..02.2024 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/02/2024

1. നവ കേരള സദസ്സിന്റെ തുടർച്ചയായി വ്യത്യസ്ത മേഖലകളിലെ തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളുമായി മുഖ്യമന്ത്രി നേരിട്ട് സംവദിക്കുന്നു. മുഖാമുഖം പരിപാടിയുടെ ഭാഗമായുള്ള കർഷക സംവാദം മാർച്ച് 2ന് ആലപ്പുഴ കാംലോട്ട് കൺവെൻഷൻ സെന്ററിൽ വച്ച് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ നടക്കും. സംസ്ഥാനതലത്തിൽ വിവിധ മേഖലകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെടുന്ന കർഷകർ, കർഷക തൊഴിലാളികൾ, കാർഷിക സംരംഭകർ, കാർഷിക മേഖലയിലെ അക്കാദമിക് സ്ഥാപനങ്ങൾ, കർഷക- കർഷക തൊഴിലാളി സംഘടന പ്രതിനിധികൾ തുടങ്ങിയവരുമായി മുഖ്യമന്ത്രി അന്നേദിവസം സംവദിക്കുന്നതാണ്. കൃഷിവകുപ്പ് മന്ത്രി പി പ്രസാദിന്റെ അധ്യക്ഷതയിൽ ചേരുന്ന പ്രസ്തുത പരിപാടിയിൽ മത്സ്യബന്ധന- സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ, മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചു റാണി, രാഷ്ട്രീയ പ്രമുഖർ, കൃഷി-കൃഷി അനുബന്ധ മേഖലയിലെ ഉദ്യോഗസ്ഥർ, സാമൂഹിക പ്രവർത്തകർ എന്നിവർ സംബന്ധിക്കുന്നു.

2. മൃഗസംരക്ഷണ വകുപ്പ് കൊല്ലം ജില്ല മൃഗ ക്ഷേമ പുരസ്കാര സമർപ്പണം ഇന്ന് (ഫെബ്രുവരി 23) രാവിലെ 10 മണിക്ക് കൊല്ലം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ വച്ച് മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി നിർവഹിക്കുന്നു. ജില്ലയിലെ ഏറ്റവും മികച്ച മൃഗ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തിക്ക്/ സംഘടനയ്ക്ക് സർക്കാർ നൽകുന്ന പതിനായിരം രൂപയുടെ പുരസ്കാരവും ഫലകവും ഈ പരിപാടിയിൽ വച്ച് നൽകുന്നു.

3. ദേശീയ ശാസ്ത്ര ദിനത്തോടനുബന്ധിച്ച് കായംകുളം കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ 'തോട്ട മേഖലയിലെ കാലാവസ്ഥാ വ്യതിയാനം' എന്ന വിഷയത്തിൽ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഏകദിന ശില്പശാല ഫെബ്രുവരി 28-ന് സംഘടിപ്പിക്കുന്നു. സി.പി.സി.ആർ.ഐ. ഡയറക്ടർ ഡോ. കെ. ബി., ഹെബ്ബാർ ഉദ്ഘാടനം ചെയ്യുന്ന ചടങ്ങിൽ കേന്ദ്ര സുഗന്ധവിള ഗവേഷണ സ്ഥാപനത്തിലെ ക്രോപ്പ് ഇംപ്രൂവ്മെൻറ് വിഭാഗം മുൻ മേധാവി ഡോ. ബി. ശശികുമാർ മുഖ്യാതിഥി ആയിരിക്കും. 'ശാസ്ത്രം സമൂഹ നന്മക്ക് - ചില അടയാളങ്ങൾ' എന്ന വിഷയത്തിൽ അദ്ദേഹം ക്ലാസ് നയിക്കുന്നതാണ്. തോട്ട മേഖലയിൽ കാലാവസ്ഥ വ്യതിയാനം മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പാമ്പാടുംപാറ ഏലം ഗവേഷണകേന്ദ്രം മേധാവി ഡോ. എം. മുരുഗൻ മുഖ്യപ്രഭാഷണം നടത്തും. സി.പി.സി.ആർ.ഐ. കായംകുളം പ്രാദേശിക കേന്ദ്രം മേധാവി ഡോ. റെജി ജേക്കബ് തോമസ് ഇന്ത്യയിലെ തോട്ടവിളകളുടെ സംക്ഷിപ്ത ചരിത്രത്തെക്കുറിച്ച് വിവരിക്കും. ഇത് കൂടാതെ ശില്പശാലയിൽ പങ്കെടുക്കുന്നവർക്കായി പ്രസംഗമത്സരവും ക്വിസും സംഘടിപ്പിക്കുന്നു. https://cutt.ly/dwZHOGOL എന്ന ലിങ്കിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന 80 പേർക്കാണ് ശില്പശാലയിൽ പങ്കെടുക്കുവാൻ അവസരം ലഭിക്കുന്നത്.

4. കാർഷിക സർവകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ സ്യൂഡോമോണാസ് ഫ്ലൂറസൻസ് (പൊടി ലായനി), ട്രൈക്കോഡർമ, ബ്യൂവേറിയ, ലക്കാനിസിയം, പെസിലോമൈസസ്, ബയോകൺട്രോൾ കോംബി പാക്ക് (പച്ചക്കറി), മൈക്കോറൈസ, അസോസ്പൈറില്ലം, ഫോസ്ഫറസ് വളം, ബയോഫെർട്ടിലൈസർ കോംബി പാക്ക്, നീം സോപ്പ്, അസോള, വെർമി കമ്പോസ്റ്റ് എന്നീ ജൈവ കീടരോഗ നിയന്ത്രണ ഉപാധികൾ വിൽപനയ്ക്ക് തയ്യാറാണ്. ആവശ്യമുള്ളവർ മുൻകൂട്ടി ബുക്ക് ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് 9747238532, 0487 2699087എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. ഫിഷറീസ് വകുപ്പ് പ്രധാനമന്ത്രി മത്സ്യസമ്പാദന യോജന പദ്ധതി പ്രകാരം ജില്ലയിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളിലേക്ക് അപേക്ഷിക്കാം. ബാക്യാർഡ് ഓർണമെൻറൽ ഫിഷ് റിയറിങ് യൂണിറ്റ്, മീഡിയം സ്കെയിൽ ഫിഷ് റിയറിങ് യൂണിറ്റ്, ഇന്റഗ്രേറ്റഡ് ഓർണമെൻറൽ ഫിഷ് റിയറിങ് യൂണിറ്റ്, ബാക്യാർഡ് മിനി ആർ.എ.എസ് യൂണിറ്റ്, മോട്ടോർ സൈക്കിൾ വിത്ത് ഐസ് ബോക്സ്, ത്രീ വീലർ ഐസ് ബോക്സ് എന്നിവയാണ് പദ്ധതികൾ. താത്പര്യമുള്ളവർ വെള്ളപേപ്പറിൽ തയാറാക്കിയ അപേക്ഷകൾ കമലേശ്വരത്തുള്ള ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ മേഖല ഓഫീസിലോ ബന്ധപ്പെട്ട മത്സ്യഭവനുകളിലോ ഫെബ്രുവരി 29ന് മുൻപായി സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0471 2464076, 2450773.

6. കാർഷിക ഉൽപ്പന്നങ്ങളും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും, കർഷകരിൽ നിന്നും, നേരിട്ട് വാങ്ങുവാൻ താൽപ്പര്യമുള്ള സംരംഭകർക്കായി 2024 ഫെബ്രുവരി 27 രാവിലെ 10 മണിമുതൽ 3 മണിവരെ എറണാകുളം ജില്ലയിലെ ഗോകുലം പാർക്കിൽ വച്ച് ഒരു മേള സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ 9745108953 എന്ന നമ്പരിൽ രജിസ്റ്റർ ചെയ്യുക.

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (CeL), കാർഷിക രംഗത്ത് കൃഷിയുടെ മഹത്വത്തെ അടിയാളപ്പെടുത്തുന്ന ഒരു ഹ്രസ്വ ചിത്രത്തിനുള്ള തിരക്കഥ രചന മത്സരം സംഘടിപ്പിക്കുന്നു. ദൃശ്യ-മാധ്യമ ലോകത്ത് കഴിവ് പ്രകടിപ്പിക്കുവാനുള്ള ആവേശകരമായ ഒരു അവസരമാണ്. നമ്മുടെ ദൈനം ദിന ജീവിതത്തിൽ കൃഷിയുടെ പ്രാധാന്യവും മഹത്വവും വിളിച്ചോതുന്ന തരത്തിലുള്ള ഒരു തിരക്കഥയാണ് ലക്ഷ്യമിടുന്നത്. പ്രായഭേദമെന്യേ എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്. തിരക്കഥകൾ സമർപ്പിക്കേണ്ട അവസാന തിയ്യതി 18.03.2024. കൂടുതൽ വിവരങ്ങൾക്ക്

8547837256, 0487 2438567 എന്നീ ഫോൺ നമ്പരുകളിലോ kau.in എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

**പരിശീലന പരിപാടി**

8. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "വാണിജ്യാടിസ്ഥാനത്തിലുള്ള പുഷ്പകൃഷിയും പൂന്തോട്ട പരിപാലനവും" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 മാർച്ച് 13 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ മാർച്ച് 12 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള പൂർണ്ണമായും മലയാളത്തിൽപരിശീലിപ്പിക്കുന്ന കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് മാർച്ച് 13 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

9. കേരള കാർഷിക സർവ്വകലാശാല- കോഴിക്കോട് വേങ്ങേരി കാർഷിക വിജ്ഞാന-വിപണന കേന്ദ്രത്തിൽ വെച്ച് പച്ചക്കറി തൈ ഉത്പാദനം, പച്ചക്കറി തൈകളിലെ ഗ്രാഫ്റ്റിങ് എന്ന വിഷയത്തിൽ ഈ മാസം 24 ന് (24.02.2024) രാവിലെ 10.0 മണി മുതൽ 1 മണി വരെ കർഷകർക്കായി പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി 0495 2935850, 9188223584 എന്നീ ഫോൺ നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്ക് അവസരമുണ്ടായിരിക്കുന്നതാണ്.